ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നുമാണ് അപേക്ഷ ലഭിക്കുന്നത്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 31 ആണ്. പരീക്ഷാ തീയതി രണ്ടായിരാമാണ്ട് ഫെബ്രുവരി 26. പരീക്ഷാ ഫീസ് 250 രൂപ (എസ്.സി., എസ്.ടി. ക്കാർക്ക് 125 രൂപ). ബന്ധപ്പെട്ട വിഷയത്തിൽ പി.ജി.യും ബി.എഡും ഉള്ളവർക്ക് ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാം. സർക്കാർ ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) എൻട്രൻസ് പരീക്ഷാ കമ്മിഷണറാണ് പരീക്ഷ നടത്തുന്നത്.

(ഡി) പി.എച്ച്.ഡി./ജെ.ആർ.എഫ്./എൻ.ഇ.ടി./എം.എഡ്./എം.ഫിൽ എന്നീ യോഗ്യതകളുള്ളവരെ ഈ പരീക്ഷയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) 29 വിഷയങ്ങൾ, വിശദവിവരങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്†.

(എഫ്) ഇല്ല.

75 (1293) പ്ലസ് ടു അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യത

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു അദ്ധ്യാപക നിയമനത്തിന് പി.എച്ച്.ഡി. എടുത്തിട്ടുള്ളവരെ പരിഗണിക്കുന്നുണ്ടോ;

(ബി) വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ളവർ പ്ലസ്ടു അദ്ധ്യാപകരായി ജോലിനോക്കി വരുന്നുണ്ടോ;

(സി) ഡോക്ടറേറ്റ് നേടിയിട്ടുള്ളവർ ബി.എഡ്. എടുത്തിരിക്കണം എന്ന് നിബന്ധനയുണ്ടോ;

(ഡി) ഡോക്ടറേറ്റ് എടുത്തിട്ടുള്ള പ്ലസ്ടു അദ്ധ്യാപകരായി നിയമനം ലഭിച്ചിട്ടുള്ളവർ ബി.എഡ്. എടുക്കണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കണമെന്നഭ്യർത്ഥിച്ച് നിവേദനം നൽകിയിട്ടുണ്ടോ;

(ഇ) പി.എച്ച്.ഡി. എടുത്തിട്ടുള്ളവരെ ബി.എഡ്. എടുക്കുന്നതിൽനിന്ന് ഒഴവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിയമനത്തീയതി മുതൽ ഒരു വർഷത്തിനകം ബി.എഡ്. എടുത്തിരിക്കണമെന്ന ഉപാധിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) നിയമനം ലഭിച്ച് മൂന്നുവർഷത്തിനകം ബി.എഡ്. എടുക്കേണ്ടതാണ്.

(ഡി) ഇതുവരെ ലഭിച്ചിട്ടില്ല.

(ഇ) ഉദ്ദേശ്യമില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly